**C 5232** (Pages : 3) Name.................................

Reg. No.............................

# FOURTH SEMESTER B.A. DEGREE (SUPPLEMENTARY/IMPROVEMENT) EXAMINATION, MAY 2016

(UG–CCSS)

Core Course—Malayalam

## MA 4B 05—മലയാള കവിത—പൂർവഘട്ടം

(2011 Admission onwards)

Time : Three Hours Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) ¼ :

(A) ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 പാട്ടിൻെറ ലക്ഷണം ഉൾപ്പെടുന്ന കൃതി ഏത് ?

2 'ഉണ്ണുനീലി സന്ദേശം—ചരിത്രദൃഷ്ടിയിൽക്കൂടി' എഴുതിയതാര് ?

3 ചെറുശ്ശേരി ജീവിച്ചിരുന്ന കാലം ഏത് ?

4 ഹരിനാമ കീർത്തനം, ചിന്താരത്നം എന്നീ കൃതികളുടെ കർത്താവ് ആര് ?

(B) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

5 നളചരിതത്തിന് ദീപിക എന്ന പേരിൽ വ്യാഖ്യാനം രചിച്ചത് ആര് ?

(ദേശമംഗലത്ത് രാമവാര്യർ, എ.ആർ. രാജരാജവർമ്മ, ആർ നാരായണപ്പണിക്കർ, എം.എച്ച്, ശാസ്ത്രികൾ.)

6 ഉണ്ണായിവാര്യരുടെ സമകാലികനായിരുന്ന കവി ആര് ?

(എഴുത്തച്ഛൻ, ചെറുശ്ശേരി, പുനം, കുഞ്ചൻനമ്പ്യാർ.)

7 അദ്ധ്യാത്മരാമായണം കിളിപ്പാട്ട് കിഷ്കിന്ധാകാണ്ഡത്തിൽ പ്രത്യക്ഷപ്പെടാത്ത കഥാപാത്രം ഏത് ?

(ശ്രീരാമൻ, സീത, ലക്ഷ്മണൻ, സുഗ്രീവൻ.)

Turn over

8 അമ്മ കന്യാ മണി തൻെറ നിർമ്മല ദുഃഖങ്ങളിപ്പോൾ

നന്മയാലേ മനസ്സുറ്റു കേട്ടു കൊണ്ടാലും

—വൃത്തം ഏത് ?

(കാകളി, കേക, നതോന്നത, അന്നനട.)

(C) പൂരിപ്പിക്കുക :

9 ഉണ്ണിയാർച്ചയുടെ തറവാടിൻെറ പേര് ———— എന്നാണ്.

10 കണ്ണശ്ശ കവികൾ കൂടുതലും ഉപയോഗിച്ചിരുന്നത് ———— എന്ന വൃത്തമാണ്.

11 ബദറുൽ മുനീർ എന്ന വാക്കിൻെറ അർത്ഥം ———— എന്നാണ്.

12 പുനം നമ്പൂതിരി ———— രാജാവിൻെറ സദസ്യനായിരുന്നു.

(12 × ¼ = 3 weightage)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. വെയിറ്റേജ് 1 വീതം :

13 '. . . . . . . . . പുനർവിവാഹ വാർത്താം

ദ്രഷ്ടും ത്വാമുചിതമുപായ മൈക്ഷതേയം'

—അർത്ഥമെന്ത് ?

14 'കുലത്തിനും നലത്തിനുമിവന്നു

കുറവുണ്ടോ'

—ആർക്ക് ? എന്തുകൊണ്ട് ?

15 'കർമ്മംകൊണ്ടു കളിക്കുന്നതിങ്ങനെ'—എങ്ങനെ ?

16 "കൃപകൊണ്ടെന്നെയും മറന്നുപോം ഞാൻ"—കൃഷ്ണൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

17 ഉണ്ണുനീലിയെ വെൺപലനാട്ടു രാജാവുമായി ബന്ധിപ്പിച്ചിരിക്കുന്നതെങ്ങനെ ?

18 വടക്കൻ പാട്ടുകളുടെ ഏതെങ്കിലും **രണ്ട്** പ്രത്യേകതകൾ എഴുതുക.

19 തുള്ളൽ എത്ര വിധം ?

20 ഹനുമാൻ മഹേന്ദ്രപർവതം ഉലച്ചപ്പോൾ കിന്നരോരഗചാരണന്മാർക്ക് എന്തു സംഭവിച്ചു ?

21 തേനാർ ചിറക്കും പയക്കം കേട്ടാൽ—അർത്ഥമെന്ത് ?

(9 × 1 = 9 weightage)

III. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 2 :

22 ഹേമന്തകാലത്ത് സൂര്യന് എന്തു സംഭവിച്ചു ? അനന്തര ഫലം എന്തായിരുന്നു ?

23 ഉണ്ണുനീലി സന്ദേശത്തിലെ പ്രഭാത വർണ്ണന സംഗ്രഹിക്കുക.

24 സീതാസ്വയംവര വേളയിൽ മയിലുകളുടെ പ്രതികരണം എന്തായിരുന്നു ?

25 'നാരിമാർ തിലകമേ നേരു നീ പറയണം'—ആര്, ആരോടു പറഞ്ഞത് ? സന്ദർഭമേത് ?

26 ബാലി-ദുന്ദുഭി യുദ്ധത്തെക്കുറിച്ച് കിഷ്കിന്ധാകാണ്ഡത്തിലുള്ള സൂചനയെന്ത് ?

27 "പോഗികൾ വൈനതേയ നിവൻ

വരിൻറവനെൻറഴിന്താർ"

—ആ യാത്രയെപ്പറ്റി വിവരിക്കുക.

28 ചെന്താർ മാനിനി തന്നുടെ കണവൻ

ചിന്ത തെളിഞ്ഞൊന്നരുളിച്ചെയ്തു

—അരുളിച്ചെയ്തതെന്ത് ?

($5 \times 2 = 10$ weightage)

IV. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 4 വീതം :

29 നാടൻ ഗാനരൂപങ്ങളെന്ന നിലയിൽ വടക്കൻപാട്ടിനെയും മാപ്പിളപ്പാട്ടിനെയും താരതമ്യം ചെയ്യുക.

30 ചെറുശ്ശേരിയുടെ അലങ്കാര പ്രയോഗപാടവം 'ഹേമന്തവർണ്ണന'ത്തെ ആസ്പദമാക്കി വിവരിക്കുക.

31 അദ്ധ്യാത്മരാമായണം കിളിപ്പാട്ട് കിഷ്കിന്ധാകാണ്ഡം വർണ്ണനാ പ്രധാനമല്ല ; സംഭവ പ്രധാനമാണ്—സമർത്ഥിക്കുക.

($2 \times 4 = 8$ weightage)